

## കോടിയേരി ബാലകൃഷ്ണൻ മാപ്പ് പറയണം: പി.പി. മുകുന്ദൻ

തിരുവനന്തപുരം: ലോകാരാദ്ധ്യയായ മാതാ അമൃതാനന്ദമയിയെ അവഹേളിച്ച സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ മാപ്പു പറയണമെന്ന് മുതിർന്ന ബി.ജെ.പി നേതാവ് പി.പി. മുകുന്ദൻ ആവശ്യപ്പെട്ടു. കേരളത്തിലെ വിശ്വാസ സമൂഹത്തിന്റെ വികാരപ്രകടനമാണ് പുത്തരിക്കണ്ടം മൈതാനത്ത് കണ്ടത്. ശബരിമല യുവതീപ്രവേശനത്തിൽ ഹിതപരിശോധനയ്ക്ക് സർക്കാർ തയ്യാറുണ്ടോയെന്ന് വ്യക്തമാക്കണം. വോട്ടുബാങ്ക് സൃഷ്ടിക്കാൻ ജനങ്ങൾക്കിടയിൽ വിള്ളലുണ്ടാക്കുന്ന പരിപാടി സി.പി.എം അവസാനിപ്പിക്കണമെന്നും മുകുന്ദൻ ആവശ്യപ്പെട്ടു.

www.keralakaumudi.com www.facebook.com/ke...di

## ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 14ന്

തിരുവനന്തപുരം : സംസ്ഥാനത്തെ 12 ജില്ലകളിലെ 30 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 14ന് നടക്കും. ഇതു സംബന്ധിച്ച വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ പുറപ്പെടുവിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ 22 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, കൊല്ലത്ത് ഒന്നും, മലപ്പുറത്തെ രണ്ടും ബ്ലോക്ക് പഞ്ചായത്തുകളിലും, ആലപ്പുഴയിലെ രണ്ടും, പാലക്കാട്, കണ്ണൂർ ജില്ലകളിലെ ഒന്നുവീതം നഗരസഭാ വാർഡുകളിലും, എറണാകുളം കോർപറേഷനിലെ ഒരു വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പ്. മാതൃകാപെരുമാറ്റചട്ടം 16 ന് നിലവിൽ വന്നു. നാമനിർദ്ദേശപത്രിക 28 വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 29ന് നടക്കും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം 31 ആണ്. വോട്ടെടുപ്പ് രാവിലെ ഏഴിന് തുടങ്ങി വൈകിട്ട് 5 ന് അവസാനിക്കും. 15ന് രാവിലെ 10 നാണ് വോട്ടെണ്ണൽ.

## രണ്ട് സീറ്റ് ആവശ്യപ്പെട്ടു: ജോസ് കെ. മാണി

കോട്ടയം: ലോക്‌സഭ തിരഞ്ഞെടുപ്പിൽ കോട്ടയം, ഇടുക്കി സീറ്റുകൾ കേരള കോൺഗ്രസ് (എം) ആവശ്യപ്പെട്ടതായി വൈസ് ചെയർമാൻ ജോസ് കെ. മാണി എം.പി പത്രസമ്മേളനത്തിൽ അറിയിച്ചു. ഫെബ്രുവരി 8ന് കേരളയാത്ര സമാപിച്ച ശേഷമേ യു.ഡി.എഫിൽ ഇതേക്കുറിച്ച് ചർച്ച നടക്കൂ. സ്ഥാനാർത്ഥികളെ കേരളയാത്രയ്ക്കുശേഷം തീരുമാനിക്കും. പരിചയസമ്പന്നരായ നിരവധി നേതാക്കൾ പാർട്ടിക്കുണ്ട്. അവരെ ഉചിത സ്ഥാനങ്ങളിൽ നിറുത്തും. കേരളയാത്ര ആദ്യം തീരുമാനിച്ചതാണ്. കെ.പി.സി.സി പ്രസിഡന്റ് നയിക്കുന്ന ജാഥയുമായി കൂട്ടിക്കുഴയ്ക്കേണ്ടതില്ല. ജാഥസംബന്ധിച്ച് യു.ഡി.എഫിൽ ആശയക്കുഴപ്പമില്ല. പി.സി. ജോർജിനെ യു.ഡി.എഫിലെടുക്കുകയെന്നത് നടക്കാത്ത കാര്യമാണെന്നും ജോസ് കെ. മാണി പറഞ്ഞു.

## സൗജന്യ വൈഫൈ ഹാക്കർമാരുടെ തന്ത്രം

തിരുവനന്തപുരം : സൗജന്യ വൈഫൈ ഉപയോഗിക്കുമ്പോൾ സൂക്ഷിക്കണമെന്നും ഫോണിലെ വിവരങ്ങൾ ചോർത്താൻ സാദ്ധ്യതയുണ്ടെന്നും പൊലീസിന്റെ മുന്നറിയിപ്പ്. സൗജന്യ വൈ ഫൈ നൽകുന്നത് ഹാക്കർമാരുടെ തന്ത്രമാകാൻ സാദ്ധ്യതയുണ്ട്. വൈ ഫൈ നൽകുന്നവർക്ക് അവരുടെ വൈഫൈ ഉപയോഗിക്കുന്ന ഉപകരണങ്ങളിലേക്ക് ഉടമസ്ഥന്റെ അനുമതിയില്ലാതെ കടക്കാനാകും. ഇത്തരത്തിൽ ഫോണിലെയോ കമ്പ്യൂട്ടറിലേയോ വിവരങ്ങൾ ചോർത്താൻ സാദ്ധ്യതയുണ്ടെന്നും ഫേസ്ബുക്കിലൂടെ പൊലീസ് മുന്നറിയിപ്പ് നൽകി.

## കേസെടുക്കണം: കൊടിക്കുന്നിൽ

തൃശ്ശൂർ: മാതാ അമൃതാനന്ദമയിയെ അധിക്ഷേപിച്ച സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെതിരെ കേസെടുക്കണമെന്ന് കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് എം.പി. സ്ത്രീത്വത്തെ അപമാനിക്കുന്ന വിധത്തിൽ പരാമർശം നടത്തിയ കോടിയേരിയോട് വിശദീകരണം ആവശ്യപ്പെടാൻ ദേശീയ വനിതാ കമ്മിഷൻ ഉൾപ്പെടെയുള്ളവർ തയ്യാറാവണം. പ്രസ്താവന പിൻവലിച്ച് കോടിയേരി മാപ്പു പറയണം. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ രണ്ട്, മൂന്ന് സ്ട്രീമുകളിലെ സംവരണം ഒഴിവാക്കിയ എൽ.ഡി.എഫ് സർക്കാർ പിന്നാക്ക വർഗക്കാരെ അവഗണിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രിക്ക് നവോത്ഥാനത്തെക്കുറിച്ച് പറയാൻ അവകാശമില്ല. സംസ്ഥാനത്തെ നിയമവകുപ്പ് സെക്രട്ടറി പിന്നാക്കക്കാർക്ക് സംവരണം ഉറപ്പാക്കണമെന്ന് ശുപാർശ ചെയ്തിട്ടും സർക്കാർ നോമിനിയായ അഡ്വക്കേറ്റ് ജനറൽ തള്ളി. കെ.എ.എസ് സംവരണത്തിൽ പുനഃപരിശോധന നടത്താൻ ഇടത് സർക്കാർ തയ്യാറാവണമെന്നും അദ്ദേഹം പറഞ്ഞു.

## 'സി.പി.എം സ്ത്രീക്ക് ഭരണം കൊടുക്കില്ല'

തിരുവനന്തപുരം : സ്ത്രീ പുരുഷ സമത്വം പ്രസംഗിക്കുന്ന സി.പി.എം ഒരിക്കലും സ്ത്രീകളെ മുഖ്യമന്ത്രിയാക്കാൻ തയ്യാറായിട്ടില്ലെന്ന് ബി.ജെ.പി ദേശീയ എക്സിക്യൂട്ടീവ് അംഗം പി.കെ. കൃഷ്ണദാസ് പറഞ്ഞു. ആർ.എൽ.എസ്.പി - എസ്.ജെ.ഡി ലയന സമ്മേളനം ബാങ്ക് എംപ്ലോയീസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സോഷ്യലിസ്റ്റ് ജനതാദൾ -യു സംസ്ഥാന പ്രസിഡന്റ് വി.വി.രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ബി.ജെ.പി ജില്ലാ പ്രസിഡന്റ് എസ്.സുരേഷ്, എസ്.ജെ.ഡി സംസ്ഥാന ജനറൽ സെക്രട്ടറി എം.പി.ജോയ്, ജനറൽ കൺവീനർ ബി.മണികണ്ഠൻ, തുടങ്ങിയവർ പങ്കെടുത്തു.

# ഗിറ്റാറിലെ മാന്ത്രികരാഗം മാഞ്ഞു

# ജോൺ ആന്തണിക്കു വിട



തിരുവനന്തപുരം: ഗിറ്റാറിന്റെ തന്ത്രികളിൽ കർണാടക സംഗീതത്തിന്റെ രാഗലയം മീട്ടിയുണർത്തിയ മാന്ത്രികൻ ജോൺ ആന്തണിയുടെ (62) അപ്രതീക്ഷിത വിയോഗത്തിൽ അഞ്ജലിയുമായി സംഗീതലോകം. സ്വപ്നപദ്ധതിയായ സംഗീത ആൽബത്തിന്റെ റിഹേഴ്സലിനിടെ, പൂജപ്പുര റെയിൽവേ കോളനിയിലെ സ്വന്തം വീടായ 'മാന്റർലി'യിൽ ശനിയാഴ്ച രാത്രി പത്തരയോടെയാണ് ജോണിന് ഹൃദയാഘാതമുണ്ടായത്. അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ജോണിനെ രക്ഷിക്കാനായില്ല.

പി.എസ്.സി മുൻ അംഗം ഡോ. ഇ. പി. ആന്തണിയുടേയും ആലീസിന്റേയും മകനായി 1957ൽ എറണാകുളത്താണ് ജോൺ ആന്തണിയുടെ ജനനം. ഗിറ്റാറിന്റെ ലഹരിയിലേക്കു പിച്ചവച്ച കുട്ടിക്കാലം. പാശ്ചാത്യർക്കു മാത്രം പരിചയമുണ്ടായിരുന്ന ജാസ് ഉൾപ്പെടുത്തിയുള്ള ബാൻഡ് സംഗീതം മലയാളത്തിനു പരിചയപ്പെടുത്തിയത് ജോണാണ്. 'സ്റ്റോണേജ്', 'ഹൈജാക്കേഴ്സ്' എന്നീ ബാൻഡ് സംഘങ്ങളിൽ സജീവമാകുമ്പോൾ ജോണിനു വെറും പതിനഞ്ചു വയസ്.

ഗായകൻ യേശുദാസിന്റെ സംഗീതവിദ്യാലയമായ തരംഗനിസരിയിൽ അദ്ധ്യാപകനായി 1979 ലാണ് തിരുവനന്തപുരത്തേക്കുള്ള ജോണിന്റെ വരവ്. പാശ്ചാത്യ സംഗീതത്തിലെ പ്രാവീണ്യത്തിനൊപ്പം കർണാടക സംഗീതം കൂടി സ്വായത്തമാക്കണമെന്ന് മനസ്സു പറഞ്ഞപ്പോൾ പ്രശസ്ത സംഗീതജ്ഞൻ എം.ജി.രാധാകൃഷ്ണനെ തേടിച്ചെന്നു. ആ അടുപ്പമാണ് ജോണിനെ സിനിമയിലെത്തിച്ചത്.

മലയാളത്തിലും തമിഴിലുമായി രണ്ടായിരത്തിലേറെ ചലച്ചിത്ര ഗാനങ്ങൾക്ക് ജോൺ ലീഡ് ഗിത്താർ വായിച്ചു. ശ്യാം, ജോൺസൺ, രവീന്ദ്രൻ തുടങ്ങിയ പ്രതിഭകൾക്കൊപ്പം പ്രവർത്തിച്ചു. സംവിധായകൻ പ്രിയദർശന്റെ എക്കാലത്തെയും ഹിറ്റുകളിലൊന്നായ 'താളവട്ടത്തിലെ' പൊൻവീണേ... എന്ന ഗാനത്തിന് സോളോ ഗിറ്റാർ മീട്ടിയത് ജോണിന്റെ വിരലുകളായിരുന്നു. ജോൺ ആന്തണി 1980ൽ ചെന്നൈയിൽ ആരംഭിച്ച 'റൂട്സ്' ബാൻഡിലൂടെയാണ് പിന്നീട് സംഗീതലോകത്ത് വിസ്മയങ്ങൾ തീർത്ത എ.ആർ.റഹ്മാനും ഡ്രമ്മർ ശിവമണിയും ശ്രദ്ധിക്കപ്പെട്ടത്.

മൂന്നു പതിറ്റാണ്ടു കാലം ഗിറ്റാറിസ്റ്റായും സംഗീതാദ്ധ്യാപകനായും പ്രവർത്തിച്ച ജോൺ ആന്തണി തിരുവനന്തപുരം, കൊച്ചി, ചെന്നൈ നഗരങ്ങളിലായിട്ടായിരുന്നു താമസം. വിവിധ രാജ്യങ്ങളിലായി രണ്ടായിരത്തി അഞ്ഞൂറിലധികം സംഗീത പരിപാടികളുടെ ഭാഗമായി. ഒട്ടേറെ അന്താരാഷ്ട്ര ബഹുമതികൾ നേടി. സംഗീത ജീവിതത്തിനിടെ പരിസ്ഥിതി പ്രവർത്തകനെന്ന നിലയിലും കാർട്ടൂണിസ്റ്റായും ശ്രദ്ധ നേടി.

ഹോളിവുഡ് ആനിമേഷൻ സ്പെഷ്യലിസ്റ്റായ ഏക മകൻ സിദ്ധാർത്ഥ് ജോൺ അമേരിക്കയിൽ നിന്ന് എത്തിയതിനു ശേഷമായിരിക്കും സംസ്കാരം. സുപ്രീതയാണ് ഭാര്യ. മൃതദേഹം അനന്തപുരി ആശുപത്രി മോർച്ചറിയിൽ. സംസ്കാരം : വെള്ളിയാഴ്ച ഉച്ചയ്ക്ക് ഒരുമണിയ്ക്ക്.

## മുനമ്പത്തെ മനുഷ്യക്കടത്ത്: ഒരാൾ കൂടി കസ്റ്റഡിയിൽ

കൊച്ചി: മുനമ്പത്തെ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ഡൽഹി അംബേദ്കർ നഗർ കോളനിയിൽ താമസിക്കുന്ന ശ്രീലങ്കൻ വംശജനായ രവി സനൂപ് രാജയെ പ്രത്യേകാന്വേഷണസംഘം കസ്റ്റഡിയിലെടുത്തു. ഇയാൾ മനുഷ്യക്കടത്ത് സംഘത്തിന്റെ ഏജന്റുമാരിലൊരാളാണെന്നാണ് സൂചന.

നേരത്തേ പിടികൂടിയ പ്രഭു ദണ്ഡുവാണിയുടെ സുഹൃത്താണ് രവി. ഇയാളുടെ അച്ഛൻ, അമ്മ, സഹോദരൻ എന്നിവർ യാത്രാസംഘത്തിലുണ്ട്. ഇന്നലെ രാത്രിയോടെ കൊച്ചിയിലെത്തിച്ച രവിയെ വിശദമായി ചോദ്യം ചെയ്യുന്നു. നേരത്തേ പ്രഭുവിനെയും അംബേദ്കർ കോളനിയിൽ നിന്നാണ് കസ്റ്റഡിയിലെടുത്തത്. ഇയാളെ കൊച്ചിയിൽ വിവിധ അന്വേഷണ ഏജൻസികൾ സംയുക്തമായി ചോദ്യം ചെയ്യുകയാണ്. ഇന്നലെ കേന്ദ്ര രഹസ്യാന്വേഷണ ബ്യൂറോയിലെ ഉദ്യോഗസ്ഥർ മണിക്കൂറുകളോളം പ്രഭുവിനെ ചോദ്യം ചെയ്തു. രവിയിൽ നിന്ന് യഥാർത്ഥ വിവരങ്ങൾ ലഭിക്കുമെന്നാണ് പൊലീസിന്റെ പ്രതീക്ഷ.

40 പേർക്ക് കഷ്ടിച്ച് സഞ്ചരിക്കാവുന്ന ബോട്ടിൽ നൂറിലധികം ആളുകളെ അടിത്തട്ടിലടക്കം നിറച്ചാണ് ദയാമാതാ ബോട്ട് മുനമ്പത്ത് നിന്ന് പോയതെന്ന് അന്വേഷണസംഘത്തിന് വിവരം ലഭിച്ചു. ബോട്ടിൽ തിരക്കായിരുന്നതിനാൽ പണം നൽകിയ പലർക്കും കയറാനായില്ല. ഇവരെ കണ്ടെത്താനുള്ള ശ്രമം തുടരുകയാണ്.

## ശബരിമല നടവരവ് 99 കോടി കുറവ്

തിരുവനന്തപുരം: മണ്ഡലമകരവിളക്ക് കാലത്ത് ശബരിമലയിലെ നടവരവിൽ മുൻവർഷത്തെ അപേക്ഷിച്ച് 99 കോടി രൂപയുടെ കുറവ്. കഴിഞ്ഞ മണ്ഡല സീസണിൽ 279 കോടിയായിരുന്നു ആകെ വരുമാനം. ഇക്കുറി അത് 180 കോടിയായി കുറഞ്ഞു.

# അവസരം പാഴാക്കി ബി.ജെ.പി | കടിഞ്ഞാൺ കൈയിലെടുത്ത് ആർ.എസ്.എസ്

## അയ്യപ്പഭക്ത സംഗമത്തിൽ പരീക്ഷിച്ചത് ഉത്തരേന്ത്യൻ മോഡൽ



▸സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: ശബരിമല വിവാദം ലോക്‌സഭാ തിരഞ്ഞെടുപ്പിൽ ആയുധമാക്കാനിരുന്ന ബി.ജെ.പിയിൽ നിന്ന് കടിഞ്ഞാൺ പിടിച്ചെടുത്ത് ആർ.എസ്.എസ് നേതൃത്വം. സംഘപരിവാർ നേതൃത്വം നൽകുന്ന ശബരിമല കർമ്മ സമിതി കഴിഞ്ഞ ദിവസം തലസ്ഥാനത്ത് സംഘടിപ്പിച്ച അയ്യപ്പഭക്ത സംഗമം, ബി.ജെ.പിയെ പിന്നിലിരുത്തി ആർ.എസ്.എസ് രാഷ്ട്രീയ നിയന്ത്രണം കൈപ്പിടിയിലാക്കുന്നതിന്റെ ചൂണ്ടുപലകയായി.

രാഷ്ട്രീയ നേതൃത്വത്തിനു മേലെ ആത്മീയാചാര്യന്മാരെ അണിനിരത്തി ഉത്തരേന്ത്യയിൽ സംഘപരിവാർ പരീക്ഷിച്ച് വിജയിച്ച അതേ തന്ത്രമാണ് അയ്യപ്പഭക്ത സംഗമത്തിൽ ആർ.എസ്.എസ് നേതൃത്വം പയറ്റിയത്. ബി.ജെ.പി സംസ്ഥാന നേതാക്കളെ ആരെയും വേദിയിലേക്കു ക്ഷണിക്കാതിരുന്ന പരിപാടിയിൽ പാർട്ടി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്. ശ്രീധരൻപിള്ളയ്ക്കു പോലും സദസിലിരിക്കാനായിരുന്നു യോഗം. ഏറെ വർഷം ശ്രമിച്ചിട്ടും കേരളത്തിൽ ശക്തമായ വേരുറപ്പിക്കാൻ കഴിയാതിരുന്ന ബി.ജെ.പിക്ക് ശബരിമല യുവതീപ്രവേശന വിവാദം മികച്ച അവസരമൊരുക്കിയിട്ടും, പാർട്ടി അതു കളഞ്ഞുകുളിച്ചെന്ന വിലയിരുത്തുന്ന ആർ.എസ്.എസ് അക്കാര്യത്തിൽ അമർഷത്തിലുമാണ്. ശബരിമല സമരം സെക്രട്ടേറിയറ്റിനു മുന്നിലേക്കു മാറ്റിയതും, പ്രമുഖ നേതാക്കൾ ഒന്നര മാസത്തിലധികം റിലേ നിരാഹാരം നടത്തിയിട്ടും ലക്ഷ്യം കാണാതെ അവസാനിപ്പിക്കേണ്ടി വന്നതും പരിസഹാസ്യമായെന്നാണ് ആർ.എസ്.എസ് വിലയിരുത്തൽ.

ഇതിനിടെ, ബി.ജെ.പി നേതാക്കളിൽ ഒരു വിഭാഗം സമരവുമായി കാര്യമായി സഹകരിക്കാതിരുന്നത് പാർട്ടിയിലെ ചേരിപ്പോര് പ്രകടമാക്കുന്നതുമായി. ശബരിമല യുവതീപ്രവേശന വിധിയെ തുടക്കത്തിൽ ശക്തമായി അനുകൂലിച്ച ആർ.എസ്.എസ്, പിന്നീട് നിലപാടു മാറ്റിയത് അതിലെ രാഷ്ട്രീയസാദ്ധ്യതകൾ മുന്നിൽക്കണ്ടായിരുന്നു.

എൻ.എസ്.എസ് അടക്കമുള്ള സമുദായ നേതൃത്വങ്ങളുടെ നിലപാടുകളും ഇതിൽ സ്വാധീനം ചെലുത്തി. പക്ഷേ, ഇതിലെ രാഷ്ട്രീയ സാധ്യതകൾ മുതലെടുക്കാൻ ബി.ജെ.പി നേതൃത്വത്തിനു കഴിഞ്ഞില്ല. സംസ്ഥാന സർക്കാർ സംഘടിപ്പിച്ച വനിതാ മതിലിനു ബദലെന്ന നിലയിൽ സ്ത്രീകളെയടക്കം അണിനിരത്തി സംഘടിപ്പിച്ച അയ്യപ്പജ്യോതിക്കു പിന്നാലെ, ശബരിമല കർമ്മസമിതിയുടെ സമരങ്ങളിലെ ഏറ്റവും സംഘടിത രൂപമായിരുന്നു കഴിഞ്ഞ ദിവസത്തെ അയ്യപ്പഭക്ത സംഗമം. മാതാ അമൃതാനന്ദമയിയെ അയ്യപ്പഭക്ത സംഗമത്തിന്റെ ഉദ്ഘാടകയാക്കാൻ കഴിഞ്ഞതും, വിവിധ ആത്മീയാചാര്യന്മാരെ വേദിയിലെത്തിച്ചതും, സമുദായ സംഘടനകളുടെ താഴേത്തട്ടിലുള്ള പ്രവർത്തകരെയടക്കം സംഗമത്തിൽ പങ്കെടുപ്പിക്കാനായതും നേട്ടമായെന്ന് ആർ.എസ്.എസ് നേതൃത്വം കരുതുന്നു. ഇത് തിരഞ്ഞെടുപ്പു വേളയിൽ ഹൈന്ദവ ധ്രുവീകരണം സാദ്ധ്യമാക്കുമെന്നും അവർ കണക്കുകൂട്ടുന്നു. കൊല്ലത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ രാഷ്ട്രീയ പ്രസംഗവും ഇതേ ലക്ഷ്യം മുന്നിൽക്കണ്ടായിരുന്നു.

## മനുഷ്യക്കടത്ത്: സർക്കാരിന്റെ നിലപാട് തേടി

കൊച്ചി: ഉയർന്ന ജോലി വാഗ്ദാനം നൽകി യു.എ.ഇയിലേക്ക് മനുഷ്യക്കടത്ത് നടത്തിയെന്നാരോപിച്ച് 2015 ൽ നൽകിയ പരാതിയിൽ പൊലീസ് അന്വേഷണം തൃപ്തികരമല്ലെന്നും സി.ബി.ഐ അന്വേഷണം വേണമെന്നുമാവശ്യപ്പെട്ട് ഓച്ചിറ സ്വദേശിയു. ഗോപകുമാർ ഉൾപ്പെടെ നാലുപേർ നൽകിയ ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ വിശദീകരണം തേടി. കായംകുളത്തെ സ്വകാര്യ സ്ഥാപനം മുഖേന ഹബീബ് എന്നയാളാണ് യു.എ.ഇയിലേക്ക് അയച്ചതെന്ന് ഹർജിയിൽ പറയുന്നു. ഉയർന്ന ശമ്പളമായിരുന്നു വാഗ്ദാനം. വിസയ്ക്കായി ഒരു ലക്ഷം രൂപ വീതം വാങ്ങിയെന്നും പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

## തമിഴ്നാടിന് കത്തയച്ചു

തിരുവനന്തപുരം: പ്രളയത്തിൽ കേടുവന്ന അരി തമിഴ്നാട്ടിലെ ഏജൻസികൾ വാങ്ങി പോളിഷ് ചെയ്ത് വിപണിയിലെത്തിക്കാനുള്ള സാദ്ധ്യത തടയണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചു. എറണാകുളം കാലടിയിലെ സൈറസ് ട്രേഡേഴ്സിന് ലേലത്തിൽ നൽകിയ നെല്ലും അരിയും തൃശിനാപ്പള്ളിയിലെ ഒരു ഏജൻസിക്ക് കൈമാറിയതായും ഇത് കോയമ്പത്തൂരിൽ എത്തിയതായും വന്ന മാദ്ധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് കത്ത്.

## ഹർജി തള്ളി

കൊച്ചി : നെടുമങ്ങാട് പൊലീസ് സ്റ്റേഷനിലേക്ക് ബോംബെറിഞ്ഞ കേസിലെ പ്രതിയെ ഒളിവിൽ പാർപ്പിച്ചെന്ന് ആരോപിച്ച് പൊലീസ് പീഡിപ്പിക്കുകയാണെന്ന് ചൂണ്ടിക്കാട്ടി നൂറനാട് സ്വദേശി ഗോപിനാഥൻ നായർ നൽകിയ ഹർജി ഹൈക്കോടതി തള്ളി. ജനുവരി മൂന്നിന് ശബരിമല കർമ്മ സമിതി ആഹ്വാനം ചെയ്ത ഹർത്താലിനെത്തുടർന്നാണ് നെടുമങ്ങാട് പൊലീസ് സ്റ്റേഷനു നേരെ ആക്രമണമുണ്ടായത്. ഹർജിക്കാരോട് അന്വേഷണവുമായി സഹകരിക്കണമെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

## കർഷകത്തൊഴിലാളികളുടെ മരണം സമഗ്രാന്വേഷണം വേണം: രമേശ് ചെന്നിത്തല

തിരുവല്ല: അപ്പർ കുട്ടനാട്ടിലെ പെരിങ്ങരയിൽ കീടനാശിനി തളിക്കുന്നതിനിടെ കർഷകത്തൊഴിലാളികൾ മരണമടഞ്ഞ സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. മരണമടഞ്ഞ തിരുവല്ല കഴുപ്പിൽ കോളനിയിൽ സനൽകുമാറിന്റെയും മത്തായി ഈശോയുടെയും ഭവനങ്ങൾ സന്ദർശിച്ചശേഷം മാദ്ധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വീടില്ലാത്ത സനൽകുമാറിന്റെ കുടുംബത്തിന് തന്റെ ഗാന്ധിഗ്രാം പദ്ധതിപ്രകാരം വീട് നിർമ്മിക്കാൻ നാലു ലക്ഷം രൂപയുടെ ധനസഹായം ചെയ്യുമെന്നും രമേശ് ചെന്നിത്തല പറഞ്ഞു. അതേസമയം സംഭവത്തിൽ സമഗ്ര അന്വേഷണവും, മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയനും കൃഷി മന്ത്രി വി.എസ്. സുനിൽകുമാറിനും രമേശ് ചെന്നിത്തല കത്ത് നൽകി.

എന്നാൽ രണ്ടു കർഷകരിൽ ഒരാളുടെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് പൊലീസ്. പെരിങ്ങര ആലംതുരുത്തി മാങ്കുളത്തിൽ മത്തായി ഈശോയുടെ മരണം വിഷം ഉള്ളിൽ ചെന്നാണെന്ന് പൊലീസ് സർജന്റെ മൊഴി ലഭിച്ചതായി തിരുവല്ല സി.ഐ. സന്തോഷ്കുമാർ പറഞ്ഞു



രമേശ് ചെന്നിത്തല സനൽകുമാറിന്റെ വീട് സന്ദർശിക്കുന്ന

## എൽ.ഡി.എഫ് ജാഥകൾ ഫെബ്രുവരിയിൽ

തിരുവനന്തപുരം : എൽ.ഡി.എഫിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന തെക്കൻ മേഖലാജാഥ ഫെബ്രുവരി 14ന് തിരുവനന്തപുരത്ത് നിന്നും വടക്കൻ മേഖലാജാഥ 16ന് കാസർകോട്ട് കാഞ്ഞങ്ങാട് നിന്നും ആരംഭിക്കും. 'മോദി സർക്കാരിനെ അധികാരഭ്രഷ്ടമാക്കുക' എന്ന മുദ്രാവാക്യമുയർത്തിയും സംസ്ഥാന സർക്കാരിന്റെ ജനക്ഷേമ, വികസന പ്രവർത്തനങ്ങൾ വിശദീകരിക്കാനുമാണ് ജാഥകൾ സംഘടിപ്പിക്കുന്നത്. തെക്കൻജാഥയ്ക്ക് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും വടക്കൻ ജാഥയ്ക്ക് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനും നേതൃത്വം നൽകും.

ഇരുജാഥകളും മാർച്ച് രണ്ടിന് തൃശ്ശൂരിൽ സമാപിക്കും. എൽ.ഡി.എഫിലെ എല്ലാ കക്ഷി നേതാക്കളും ജാഥകൾക്ക് നേതൃത്വം നൽകുമെന്ന് കൺവീനർ എ. വിജയരാഘവൻ അറിയിച്ചു.

ദുർഭരണത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ വർഗീയ അസ്വസ്ഥത സൃഷ്ടിച്ച് മുതലെടുപ്പ് നടത്താനാണ് സംഘപരിവാർ ശ്രമിക്കുന്നത്. ബി.ജെ.പിയുടെ ദുർഭരണം അവസാനിപ്പിച്ച് രാജ്യത്തെ രക്ഷിക്കാൻ ഇടതുപക്ഷ അംഗസഖ്യ പാർലമെന്റിൽ വർദ്ധിപ്പിക്കുക എന്ന സന്ദേശമാണ് എൽ.ഡി.എഫ് മുന്നോട്ടുവയ്ക്കുന്നത്. എൽ.ഡി.എഫ് സർക്കാരിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ തകർക്കാനാണ് ശ്രമം. വിശ്വാസത്തിന്റെ പേരിൽ നുണ പ്രചരിപ്പിച്ച് ജനരോഷം ഇളക്കിവിടുകയാണെന്നും വിജയരാഘവൻ പറഞ്ഞു.

## തിരുവനന്തപുരത്തെ ലോക്‌സഭാ സ്ഥാനാർത്ഥി സി.പി.ഐ ആലോചനയിൽ ആനി രാജയും



▸രാഷ്ട്രീയലേഖകൻ

തിരുവനന്തപുരം: തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിൽ സി.പി.ഐ ദേശീയ നിർവാഹകസമിതി അംഗവും ദേശീയ സെക്രട്ടേറിയറ്റംഗം ഡി. രാജയുടെ ഭാര്യയുമായ ആനിരാജയെ സ്ഥാനാർത്ഥിയാക്കുന്നതും പാർട്ടി നേതൃത്വത്തിന്റെ ചർച്ചകളിലുള്ളതായി സൂചന.

ബെന്നറ്റ് എബ്രഹാമിനെ പരീക്ഷിച്ച് വിവാദത്തിലായ കഴിഞ്ഞ തവണത്തെ അനുഭവത്തിൽ നിന്ന് പാഠം ഉൾക്കൊണ്ട് ഇത്തവണ ശക്തമായ പോരാട്ടം നടത്തണമെന്ന നിലപാടിലാണ് സി.പി.ഐ. എന്നാൽ, ശശി തരൂരിനെ പരാജയപ്പെടുത്താൻ ശക്തിയുള്ളയാളെ അണിനിരത്താനായില്ലെങ്കിൽ ക്ഷീണമാവുകയും ചെയ്യും..

കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി ശക്തമായ സാന്നിദ്ധ്യമറിയിച്ച മണ്ഡലമാണ് തിരുവനന്തപുരം. 2014ൽ സ്ഥാനാർത്ഥി നിർണയത്തിലെ പിഴവിന് സി.പി.ഐക്ക് കനത്ത വില നൽകേണ്ടി വന്നതും അതുകൊണ്ടായിരുന്നു.

ഒ. രാജഗോപാൽ രണ്ടാം സ്ഥാനത്തെത്തിയപ്പോൾ ബെന്നറ്റിന് മൂന്നാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. പേമെന്റ് സീറ്റെന്ന പഴിയും കേട്ടു.

ഇത്തവണ രാഷ്ട്രീയ സാഹചര്യം സങ്കീർണമാണ്. ഇടതുപക്ഷത്തിന് നിർണായകമായ കേരളത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ പാർട്ടികൾ നിർബന്ധിതരാണ്. അനുവദിക്കുന്ന നാല് മണ്ഡലങ്ങളിലും മികച്ച സ്ഥാനാർത്ഥികളെ രംഗത്തിറക്കി ശക്തമായ പോരാട്ടത്തിനുള്ള ശ്രമത്തിലാണ് സി.പി.ഐ.

എം.എൻ. ഗോവിന്ദൻ നായരെയും പി.കെ. വാസുദേവൻ നായരെയും പോലുള്ള മഹാരഥന്മാരെ വിജയിപ്പിച്ചെടുത്ത തിരുവനന്തപുരം മണ്ഡലത്തിൽ മങ്ങിയ പ്രഭാവം തിരിച്ചുപിടിക്കുകയെന്നത് പാർട്ടിക്ക് അഭിമാന പ്രശ്നവുമാണ്.

ഒരു തവണ തിരുവനന്തപുരത്ത് നിന്ന് വിജയിച്ച ജനകീയ നേതാവ് പന്ന്യൻ രവീന്ദ്രനെ മത്സരിപ്പിക്കണമെന്ന ആവശ്യവും ഉയർന്നെങ്കിലും അദ്ദേഹം മത്സരിക്കാനില്ലെന്ന നിലപാടിൽ നിൽക്കുന്നു. നിർണായക ഘട്ടത്തിൽ പി.കെ.വിയെ ഇറക്കി വിജയിച്ചത് പോലെ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനെ കളത്തിലിറക്കണമെന്ന വാദവുമുയരുന്നുണ്ട്.

സി. ദിവാകരന്റെ പേരാണ് ചർച്ചകളിൽ കേൾക്കുന്ന മറ്റൊരു പേര്. തിരുവനന്തപുരം, കോട്ടയം സീറ്റുകൾ ജനതാദൾ- എസുമായി വച്ചുമാറുമെന്ന പ്രചാരണങ്ങളുണ്ടെങ്കിലും പാർട്ടി നേതൃത്വം അത് തള്ളുന്നു.

# കഴിഞ്ഞ വർഷം സംസ്ഥാനത്ത് കാണാതായത് 12,453 പേരെ

## ഇതുവരെ കണ്ടെത്തിയത് 11761 പേരെ മാത്രം

തിരുവനന്തപുരം : കേരളത്തിൽ നിന്ന് കഴിഞ്ഞവർഷം 12,453 പേരെ കാണാതായെന്നും ഇവരിൽ 11,761 പേരെ കണ്ടെത്തിയെന്നും പൊലീസ് ആസ്ഥാനം അറിയിച്ചു. 3,033 പുരുഷന്മാരെയും 7,530 സ്ത്രീകളെയും 1,890 കുട്ടികളെയുമാണ് കാണാതായത്. ഇതിൽ 2577 പുരുഷന്മാരെയും 7350 സ്ത്രീകളെയും 1834 കുട്ടികളെയും കണ്ടെത്തി. ആളുകളെ കാണാതായതിന് 2018ൽ 11640 കേസെടുത്തു.

ഏറ്റവും കൂടുതൽ പുരുഷന്മാരെയും (277) സ്ത്രീകളെയും (791) കുട്ടികളെയും (190) കാണാതായത് തിരുവനന്തപുരം റൂറൽ പൊലീസ് പരിധിയിലാണ്. ഇവരിൽ 187 പുരുഷന്മാരെയും 751 സ്ത്രീകളെയും 187 കുട്ടികളെയും കണ്ടെത്തി.

തിരുവനന്തപുരം സിറ്റി പരിധിയിൽ 132 പുരുഷന്മാരെയും 385 സ്ത്രീകളെയും 101 കുട്ടികളെയും കാണാതായി. ഇവരിൽ 110 പുരുഷന്മാരെയും 375 സ്ത്രീകളെയും 100 കുട്ടികളെയും കണ്ടെത്തി. കുറച്ച് പുരുഷന്മാരെയും (70) സ്ത്രീകളെയും (116) കാണാതായത് വയനാട്ടിലാണ്.

ഇവരിൽ 60 പുരുഷന്മാരെയും 111 സ്ത്രീകളെയും കണ്ടെത്തി. കുറച്ച് കുട്ടികളെ കാണാതായത് (21) കൊച്ചി സിറ്റി പൊലീസ് പരിധിയിലാണ്. ഇതിൽ 20 പേരെയും കണ്ടെത്തി.




| സ്ഥലം | കാണാതായവർ | കണ്ടെത്തിയത് |
|---|---|---|
| തിരുവനന്തപുരം സിറ്റി | 618 585 | |
| തിരുവനന്തപുരം റൂറൽ | 1258 1125 | |
| കൊല്ലം സിറ്റി | 759 721 | |
| കൊല്ലം റൂറൽ | 814 | 767 |
| പത്തനംതിട്ട | 744 717 | |
| ആലപ്പുഴ | 930 920 | |
| ഇടുക്കി | 505 458 | |
| കോട്ടയം | 774 753 | |
| കൊച്ചി സിറ്റി | 513 489 | |
| എറണാകുളം റൂറൽ | 779 715 | |
| തൃശ്ശൂർ സിറ്റി | 741 | 712 |
| തൃശ്ശൂർ റൂറൽ | 695 671 | |
| പാലക്കാട് | 856 | 821 |
| മലപ്പുറം | 642 | 601 |
| കോഴിക്കോട് സിറ്റി | 403 | 379 |
| കോഴിക്കോട് റൂറൽ | 651 | 633 |
| വയനാട് | 244 | 225 |
| കണ്ണൂർ | 503 473 | |
| കാസർകോട് | 299 | 279 |
| റെയിൽവേ | 25 | 2 |